"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള S.V.A.U.P സ്കൂളിന് നിബന്ധനയ്ക്ക് വിധേയമായി ചട്ടം 28 പ്രകാരമുള്ള വഴി വീതിയിൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 3(4) ബി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്

സ.ഉ.(സാധാ) നം.1562/2024/LSGD തീയതി,തിരുവനന്തപുരം, 22-08-2024

---

പരാമർശം:- ചീഫ് ടൌൺ പ്ലാനറുടെ 24.07.2024 തീയതിയിലെ LSGD/PD/50655/2023-TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ ചെറിയമുണ്ടം വില്ലേജിൽ റീ-സർവ്വെ നംബർ 143/6-3-ൽ ഉൾപ്പെട്ട 6234ച.മീ. സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളോട് കൂട്ടിചേർക്കൽ നടത്തി 3 നിലകളിലായി 566.25ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളതിന് ചട്ട പ്രകാരമുള്ള വഴി വീതി ലഭ്യമല്ലാത്തതിനാൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019, ചട്ടം 3(4) (ബി) പ്രകാരം ഇളവനുവദിക്കുന്നതിനായി ചെറിയമുണ്ടം S.V.A.U.P സ്കൂൾ മാനേജരുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം പ്രകാരം ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കുകയുണ്ടായി.

2.വഴി വീതി ഒഴികെയുള്ള മറ്റ് പ്രധാനപ്പെട്ട കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടങ്ങൾ പാലിക്കുന്നതായും മെയിൻ റോഡിൽ നിന്നും സ്കൂളിലേക്കെത്തുന്ന 3 കിലോമീറ്റർ വരുന്ന റോഡിൽ 100മീറ്റർ വീതമുള്ള 13 സ്ട്രെച്ചുകളിലാണ് വഴിവീതി 3.60 മീറ്ററിൽ താഴെ മാത്രം ലഭ്യമാകുന്നത് എന്നും മറ്റ് ഭാഗങ്ങളിൽ വഴി വീതി ചട്ട പ്രകാരം ലഭ്യമാണെന്നും ചീഫ് ടൗൺ പ്ലാനർ വ്യക്തമാക്കുകയുണ്ടായി.

3.സ്കൂൾ കെട്ടിടങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതും നിർദിഷ്ടങ്ങളുമായ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 5000ച.മീ. കവിയാത്ത പക്ഷം ചട്ട പ്രകാരം 3.6 മീ. വഴി വീതി മതിയാകുന്നതാണ് എന്നും ടി സ്കൂൾ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 1944.13ച.മീ. ആണ് എന്നും പൊളിച്ചു മാറ്റുന്നതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന പക്ഷം കുട്ടികൾക്കാവശ്യമായ കളിസ്ഥലം ധാരാളമായി ലഭ്യമാകുമെന്നും ചീഫ് ടൗൺ പ്ലാന്നെർ അറിയിക്കുകയുണ്ടായി.

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളും 600 -ൽ അധികം കുട്ടികൾ പഠിക്കുന്ന എയിഡഡ് വിഭാഗത്തിലുൾപ്പെടുന്ന സ്കൂളാണെന്നത് പരിഗണിച്ചും കവറേജ്

അധികരിക്കുന്നില്ലെന്നത് പരിഗണിച്ചും വഴി വീതിയിൽ ചട്ട പ്രകാരം ആവശ്യമായതിൽ നിന്നും 20 സെ.മീ. മാത്രമേ കുറവ് വരുന്നുള്ളുവെന്നത് പരിഗണിച്ചും പരാമർശം പ്രകാരമുള്ള അഭിപ്രായവും പരിഗണിച്ച്, ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ലെ ചട്ടം 3(4) ബി പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള S.V.A.U.P. സ്കൂളിന് ചട്ടം 28 പ്രകാരമുള്ള വഴി വീതിയിൽ നിന്നും ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) ഇളവ് ലഭിക്കുന്ന ചട്ടം 28 പ്രകാരമുള്ള വഴി വീതി ഒഴികെ മറ്റ് നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടങ്ങൾക്കനുസൃതമായിരിക്കണം.

ii) കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

iii) കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും അനുമതി ആവശ്യമുള്ള പക്ഷം ആയത് ലഭ്യമാക്കേണ്ടതും ആയതിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

iv) നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടങ്ങൾക്കും ബാധകമായ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

v) ഫയർ പോലുള്ള അടിയന്തിര സാഹചര്യമുണ്ടാകുമ്പോൾ ആയത് നിയന്ത്രിക്കുന്നതിനാവശ്യമായ മുൻ കരുതലുകൾ സ്കൂൾ മാനേജ്മെന്റ് ഏർപ്പെടുത്തേണ്ടതാണ്.

vi) പൊളിച്ചു മാറ്റുന്നതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
ചീഫ് ടൌൺ പ്ളാനർ, തിരുവനന്തപുരം.
ജില്ലാ ടൌൺ പ്ളാനർ, മലപ്പുറം.
സെക്രട്ടറി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്.
മാനേജർ, S.V.A.U.P സ്കൂൾ, ചെറിയമുണ്ടം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (rb3/362/2024-lsgd)

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

Date: 22-08-2024 11:26:27

സെക്ഷൻ ഓഫീസർ